# ആത്മീയാനുഭൂതിയുടെ കവിതകൾ

**വാസുദേവ് പുളിക്കൽ**

തൊടുപുഴ ശങ്കർ ലാളിത്വത്തിൻെറ കവി എന്ന് വിശേഷിപ്പിക്കപ്പെട്ടുണ്ട്. അദ്ദേഹം ലാളിത്വത്തിൻെറ കവി മാത്രമല്ല, ആദ്ധാത്മികതയുടെ കവിയും കൂടിയാണ്. ആദ്ധ്യാത്മികത നിറഞ്ഞു നിൽക്കുന്ന മനോമണ്ഡലത്തിൽ നിന്ന് ഉതിർന്നു വീണ ശങ്കർകവിതകൾ നിരവധിയായാണ്. കൂടാതെ ധാർമ്മികതയും മാനവികതയും ശങ്കർ കവിതകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. താത്വീകമായ സന്ദേശങ്ങൾ ലീനമായിരിക്കുന്ന കവിതകൾ സമ്മാനിച്ചുകൊണ്ട് അദ്ദേഹം ദാർശനിക തലത്തിലേക്ക് ഉയർന്നു വരുന്നു. പൊതുവെ ആത്മാവ്, പ്രപഞ്ചം, ഈശ്വരൻ എന്നിവയാണ് ദാർശനികരുടെ അന്വേഷണ വിഷയങ്ങൾ എന്ന് അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ആവിഷ്ക്കരണം ശങ്കർ കവിതകളിൽ കാണാം. “വേദങ്ങളുപനിഷത്തുക്കളും വേദാന്തപ്പൊരുളാകും ശങ്കരകൃതികളും മനുവിന്നനേകമാം നീതിശാസ്ത്രവുമെല്ലാം മനുഷ്യനുൾക്കൊണ്ടുൾക്കണ്ണു തുറക്കണം”. ഈശ്വരജ്ഞാനമാണ് സർവ്വോന്നതമായ ജ്ഞാനം. ഈശ്വരപ്രാപ്തി നേടുന്നതേതു വിധമെന്ന് കാണിച്ചു തരുന്ന വേദാന്തദർശനത്തെ അടിസ്ഥാനമാക്കി സത്യത്തെ സാക്ഷാത്ക്കരിക്കാനുള്ള മാർഗ്ഗദർശനം കവി തൻെറ കവിതകളിലൂടെ നൽകുന്നു. “ഞാനെന്ന ഭാവം വിതയ്ക്കും നാശത്തിൻെറ വിത്തുകൾ തിരിച്ചറിഞ്ഞ് വിനയാന്വതരായി സൽഗുണസമ്പന്നരായി ജീവിക്കാൻ അഹ്വാനം ചെയ്യുന്ന കവിയുടെ അന്തരംഗത്തിൽ നിറഞ്ഞു തുളുമ്പുന്ന ഭക്തിയും ജ്ഞാനവും കവിതകളിൽ പ്രതിഫലിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ ‘കൈകളേ നന്ദി, എവിടെ പ്രഭുവേ നീ, ശിലയും മൂർത്തിയും, പാരിജാതം എന്നീ കവിതാസമാഹാരങ്ങളിലൂടെ കടന്നു പോകുമ്പോൾ കവി അനശ്വരമായ ആദ്ധ്യാത്മികതയുടെ സുഖാനുഭൂതിയിൽ രമിക്കുന്നതായി മനസ്സിലാക്കാം. അനുഭവങ്ങൾ അനുഭൂതികളായിത്തീരുന്ന അവസ്ഥ ആസ്വദിക്കുന്ന കവി ഒരു ‘മിസ്റ്റിക്’ ആയിത്തീരുന്നു. ഈശ്വരസാക്ഷാത്ക്കാരം നേടിയതിനു ശേഷം അതായത് മിസ്റ്റിക്കുകളായതിന് ശേഷം കവികളാകുന്നവരും കവി ആയതിന് ശേഷം മിസ്റ്റുക്കുകൾ ആയിയിത്തീരുന്നവരുമുണ്ട്. ഈശ്വരനുമായി താദാത്മ്യം പ്രാപിച്ചതിനു ശേഷം കവിയായതാണ് ന രായണഗുരു. തൊടുപുഴ ശങ്കർ കവി ആയതിനു ശേഷം മിസ്റ്റിക് ആയിത്തീർന്നതായി മനസ്സിലാക്കാൻ സാധിക്കും. “ജ്ഞാമെന്നതു വെറും ഭൗതികസംബന്ധിതം വിജ്ഞാനമെന്നാലാത്മീയ പ്രഭാപൂരം”. സാധാരണ അറിവിനേക്കാൾ ഉപരിയായ അറിവിലുമേറി അറിയുന്ന വിജ്ഞാനത്തിലേക്ക് ഉയർന്നു വന്ന് പ്രപഞ്ച വസുതുക്കളെ വിരിയിക്കുന്ന ആനന്ദസ്വരൂപനുമായി താദാത്മ്യം പ്രാപിക്കുമ്പോൾ ജീവിതം ധന്യമാകുന്നു. “ക്ലാവുപിടിച്ചോരു പാത്രമതിൽ നിന്നും ക്ലാവുമാറ്റുമ്പോൾ വിളങ്ങും പോലെ, വിജ്ഞ്നത്തിൻ ധാര ചൊരിയുന്ന നേരത്തു താനെയുയരുന്നു മാനസവും” എന്ന അവസ്ഥയിലാണ് കവി. ജന്മജന്മാന്തരങ്ങളായി ആത്മാവിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ തുടച്ചു മാറ്റി ആത്മാവിനെ ശോഭാനമാക്കി ജീവാത്മാ-പരമാത്മാ സംയോഗത്തിൽ എത്തിച്ചേരുന്ന കവിയെ നമ്മൾ കാണുന്നു.

എനിക്കുള്ളത് എനിക്കും സീസറിനുള്ളത് സീസറിനും കൊടുക്കൂ എന്ന് യേശുദേവൻ അനുയായികളോട് പറയുന്നുണ്ട്. അതിൽ ആദ്ധ്യാത്മികതയും ഭൗതികതയും ഒരു നാണയത്തിൻെറ ഇരു വശങ്ങളായി കാണക്കാക്കണമെന്ന ധ്വനിയുണ്ടെങ്കിലും ആദ്ധ്യാത്മികതയിലേക്ക് തിരിഞ്ഞു നോക്കാതെ ഭൗതികസുഖങ്ങൾ ലക്ഷ്യമാക്കി ജീവിക്കുന്നവർ അതു മനസ്സിലാക്കുന്നില്ല. സ്നേഹത്തിനും മനുഷ്യത്വത്തിനും അവരുടെ ജീവിതത്തിൽ സ്ഥാനമില്ല. സമൂഹത്തിൽ നിന്നും ആത്മീയതയും ധർമ്മികതയും ചോർന്നു പോകുന്നതിൽ കവി അസ്വസ്ഥനാകുന്നു. മാനവരക്ഷക്കു വേണ്ടത് ധർമ്മമാണെങ്കിലും “മർത്യജന്മമെത്രപേർ മൃഗതുല്യരായ് ജീവിപ്പൂ, സത്യവും സനാതന ധർമ്മവും മറന്നല്ലോ മർത്ത്യരിന്നവനിയിൽ വ്യവഹാരങ്ങൾ ചെയ്വ്വൂ” എന്ന് കവി വ്യസനിക്കുന്നു. “അജ്ഞതയേറുന്തോറും ഉൾക്കണ്ണു തിമിരത്തിൻ അജ്ഞാതപടലം പടർന്നാകവേ മറയ്ക്കുന്നു” ഈ അജ്ഞാനമാകുന്ന ഇരുട്ടിനെ ജ്ഞാനംകൊണ്ട് തുടച്ചു മാറ്റണം. “ജീവിച്ചിരിക്കുമ്പോൾ മനുഷ്യരെ നോവിക്കുന്നു മന്നിലേറെപ്പേരും, ഒന്നു തൻ നാം ഓർമ്മിക്കണം, ഒന്നുകൊണ്ടും ദുഃഖമേകില്ലാർക്കും, മറ്റുള്ളോർക്കെഴും ദുഃഖങ്ങളകറ്റുവാൻ ഉറ്റുശ്രമിക്കണം പ്രാർത്ഥിക്കണം”. തനിക്ക് അഹിതമായിരിക്കുന്നതൊന്നും താൻ അന്യർക്ക് ചെയ്യരുത്. കരുണാനിധിയായ കവി സ്വന്തം മാനസികാവസ്ഥ വ്യക്തമാക്കുന്നു. സമൂഹത്തെ ഉറ്റു നോക്കിക്കൊണ്ട് “മനസ്സിൽ സ്നേഹമില്ലിവിടെയാർക്കുമേ, മറക്കുന്നവരും മനുഷ്യത്വം പാടെ, സമസ്തരും സ്വാർത്ഥർ സ്വകാര്യമാത്രന്മാർ, സകല ബന്ധവും പണത്തിൽ മാത്രം താൻ” എന്ന് വ്യസനിക്കുന്ന കവി മരണത്തിലൂടെ തിന്മ നിറഞ്ഞ ലോകത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു. “മരണമേ വരൂ, വരൂ, വരൂ നിൻെറ വരവും കാത്ത് ഞാനിരിക്കയാണിപ്പോൾ, വളർന്നു പോയുള്ളിൽ നിരാശ തീവ്രമായ്

വരാനിനീം പ്രഭോ വിളംബമെന്തിനായ്" കവി അക്ഷമനായി മരണത്തെ കാത്തിരിക്കുന്നു. പഞ്ചഭൂതനിർമ്മിതമായ ശരീരത്തിൻെറ നാശം മാത്രമാണ് മരണം. ജീവാത്മാവ് ശരീരം വിട്ടു പോയി കർമ്മഫലമനുസരിച്ച് മറ്റൊരു ശരീരത്തിൽ പ്രവേശിക്കുകയോ പരമാത്മാവുമായി ലയം പ്രാപിക്കുകയോ ചെയ്യാം. "കർമ്മഫലം നേരമാകുന്നേരം കാലം നമ്മൾക്ക് തെറ്റാതെ കൊണ്ടുത്തരും. ക്ഷേത്രമാം ശരീരത്തിൽ വസിക്കും ജീവത്മാവേ ജന്മങ്ങളെല്ലാം തന്നെ കർമ്മാധിഷ്ഠിതം മുന്നിൽ, ജനിച്ചാൽ കർമ്മം ചെയ്കയെന്നതു മനുധർമ്മം, കർമ്മത്തിൻ ലക്ഷ്യം ജനിമോക്ഷമെന്നറിഞ്ഞാൽ സൽക്കർമ്മങ്ങളനുഷ്ഠിപ്പാൻ വിളംബം വരില്ലല്ലോ". ആത്മീയതയുടെ നിറവിൽ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള സംഗമമാണ് ജീവിതത്തിൻെറ ലക്ഷ്യം. അതുകൊണ്ട് "അഭ്യസിക്കേണം ആത്മീയം ബാല്യത്തിലേ, അതിനാൽ ഗുണമല്ലോതുകിൽ അനേകങ്ങൾ, അതിനാനല്ലോ ചൊൽവൂ ജ്ഞാനികളാത്മീയത അഭ്യസിക്കാൻ ബാല്യകാലത്തേ മറക്കാതെ" എന്ന് കവി ആഹ്വാനം ചെയ്യുന്നു. ഈശ്വരസാക്ഷാത്ക്കാരം – ജനിമൃതികളിൽ നിന്നുള്ള മോചനം  സാധ്യമാകുന്നുവെങ്കിൽ മരണം ദുഃഖമല്ല, സുഖപ്രദമാണ് എന്ന് കവിക്കറിയാം. ജനിമൃതികളിൽ നിന്ന് മോചിതരായി മോക്ഷപദത്തിൽ എത്തുമ്പോൾ ജീവിതം സാർത്ഥകമായി. അതുകൊണ്ട് ജന്മസാഫല്യത്തിനായി ജീവിതം നീക്കി വയ്ക്കണം. മോക്ഷപ്രാപ്തിയായിരിക്കണം ജീവിത ലക്ഷ്യം. സത്യമായ ആനന്ദം തന്നിൽ തന്നെ കുടികൊള്ളുന്നു. സത്യജ്ഞാനംകൊണ്ടു വേണം അതറിയാൻ. ജാഗ്രത്, സ്വപ്നം, സുഷുപ്തി ഇവ മൂന്നും കടന്ന അവസ്ഥയാണ് തുരീയാവസ്ഥ അഥവാ മോക്ഷം. ഈശ്വരൻ അവിടെ പരമാത്മാവായി പൂർണ്ണനാകുന്നു. ആ പൂർണ്ണതയിൽ എത്തുന്നാതാണ് ജന്മസാഫല്യം. അതായത് മോക്ഷമാണ് സുഖത്തിൻെറ അന്തിമ സീമ. അനന്തമായ ആനന്ദക്കടലാണത്. "യത്നിപ്പൂ ജന്മമാകെ നാം പരമാത്മചൈതന്യം നേടുവാൻ. ഈശ്വരപ്രാപ്തി കൈവന്നാൽ ചൊൽവ്വൂ വിശ്വത്തിൽ ജന്മം പൂർത്തിയായ്".

ഈശ്വരസക്ഷാത്ക്കാരത്തിനുള്ള പലമാർഗ്ഗങ്ങളിലൊന്നായ ഭക്തിക്ക് കവി പ്രാധ്യാന്യം നൽകുന്നുണ്ട്. "ഭക്തി ഒന്നു താനിഹ ലോകജീവിതശേഷം ഭഗവദ്ചരണങ്ങളടയാൻ സഹായകം" എന്ന് കവി വിശ്വസിക്കുന്നു. നിന്നെപ്പൊലെ സഹജാതരേയും സ്നേഹിക്കാൻ സാധിക്കാത്തവരുടെ ഈശ്വരഭക്തി യഥാർത്ഥ ഭക്തിയല്ല. ഭക്തിയിലൂടെ ഈശ്വരനെ കാണാൻ സാധിക്കും. മരിച്ചതിനു ശേഷമല്ല, ഈ ജന്മത്തിൽ തന്നെ. സത്യം, പ്രേമം, ധർമ്മം മുതലായവ പരിശീലിച്ച് തൻെറ വിചാരം, വാക്ക്, പ്രവൃത്തി എല്ലാം ഈശ്വരോന്മുഖമാക്കി തിരിച്ചു വിടാൻ സാധിച്ചാൽ ഈശ്വരനെ അറിയാൻ സാധിക്കും. അതിന് തീവ്രാഭിലാഷത്തോടെ സ്വജീവിതം ആദ്ധ്യാത്മിക മാർഗ്ഗത്തിലേക്ക് തിരുച്ചു വിടുകയേ വേണ്ടു. ഹൃദയം യഥാർത്ഥ ഭക്തികൊണ്ട് നിറഞ്ഞു തുളുമ്പുമ്പോൾ പിന്നെ ഈശ്വരനെ അന്വേഷിച്ച് എവിടേയും ചുറ്റിത്തിരിയേണ്ടതില്ല. "തേടേണ്ടതില്ലെന്നെ നീ തീർത്ഥങ്ങൾ തോറും മൂഢാ, തേടുക നിന്നിൽ തന്നെ ഞാനിരിക്കുന്ന സദാ" എന്ന വരികൾ വായിച്ചപ്പോൾ ഓർമ്മ വന്നത് ഞാൻ ക്ഷേത്രങ്ങളിൽ പോകാറില്ല എന്ന ഗാന്ധിജിയുടെ വാക്കുകളാണ്. മനുഷ്യർ സംസാരസാഗരത്തിൽ കിടന്നുഴലുകയാണ്. സംസാരസാഗരത്തിൻെറ മറുകരയെത്താൻ ഭഗവാൻ തന്നെ കപ്പലുമായി എത്തണം. അതിൽ കയറിപ്പറ്റാൻ നാം യോഗ്യത നേടണം. "ശ്രദ്ധയുമചഞ്ചലഭക്തിയും വിരക്തിയും ശുദ്ധമാമൊരു നല്ല ചിത്തവുമുണ്ടെന്നാകിൽ സംസാരസാഗരത്തിൻ നിന്ന് മോചിതനാക്കും സത്യസ്വരൂപൻ ജഗദീശ്വരനഖിലരേം". അങ്ങനെ നിഷ്ക്കാമ ഭക്തി വളർന്ന് ഭക്തിമാർഗ്ഗത്തിലൂടെ ചരിക്കുന്നവർ വൈകുണ്ഠത്തിൽ എത്തിച്ചേരുമെന്നാണ് കവിയുടെ വിശ്വാസം. "മത്സങ്ങല്ലോ നാമീ സംസാരസാഗരത്തിൽ മത്സരിക്കുന്നു തമ്മിൽ ഭൗതിക സുഖാർത്തിയാൽ, ഭഗവാൻെറ വാത്സല്യമാർജ്ജിക്കുവാൻ ഭക്തിയൊന്നു താൻ മാർഗ്ഗം". എന്നാൽ നശ്വരമായ ലൗകിക സുഖങ്ങൾക്ക് പ്രാധാന്യം നൽകുന്നവർ ആ  സുഖങ്ങളിൽ ആമഗ്നരായി ജീവിതം വ്യർത്ഥമാക്കുന്നതല്ലാതെ അനശ്വരമായ ആദ്ധ്യാത്മികാനുഭൂതി ഒന്നുണ്ടെന്ന് അറിയുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നില്ല. ഭൗതികചിന്തകളെ അവർ താലോലിച്ചുകൊണ്ടിരിക്കുന്നു. സമസ്തരും ഭക്തി മാർഗ്ഗത്തിലേക്ക് തിരിഞ്ഞ് നരജന്മം സാർത്ഥകമാക്കാൻ കവി ആഹ്വാനം ചെയ്യുന്നത് സ്വന്തം അനുഭവത്തിൻെറ വെളിച്ചത്തിലായിരിക്കാം.  മനുഷ്യജന്മത്തിലൂടെ മാത്രമേ മോക്ഷപ്രാപ്തി സാധ്യമാവുകയുള്ളു. സ്വർഗ്ഗസുഖവും പൂർണ്ണമല്ല. അതാണ് ദേവന്മാർ മനുഷ്യജന്മമെടുക്കുന്നതിൻെറ രഹസ്യം. മോക്ഷപ്രാപ്തിക്കായി മനുഷ്യ ജന്മത്തിലൂടെ ആത്മജ്ഞാനം നേടണം. അങ്ങനെ ഒരു ജന്മം ലഭിച്ചതായി കവി അവകാശപ്പെടുന്നു. "ഉജ്ജ്വലമതി ശ്രേഷ്ഠമാകുമീ നരജന്മം മുജ്ജന്മ സുകൃതത്താലടിയനേകി ഭവാൻ". ഈശ്വരനുമായി താദാത്മ്യം പ്രാപിക്കാൻ സഹായിക്കുന്ന നരജന്മം ലഭിച്ചതിൽ കവി അഭിമാനിക്കുന്നു.  താൻ ചെയ്ത പുണ്യകർമ്മങ്ങളുടെ പരിണിതഫലാമാണീ മനുഷ്യജന്മമെന്നും കവി അവകാശപ്പെടുന്നാതായി കാണാം. എന്നാൽ, "ആത്മീയമതി മുഖ്യമറിയില്ലനേകർക്കും, ഭൗതിക ചിന്തതാനനേകർക്കും, ഭൗമജീവിതം നിത്യനൂതനമാക്കാൻ നോക്കും എന്തിനിങ്ങനെ പാഴാക്കണമോരോ നിമിഷവും" എന്നാണ് കവി ചോദിക്കുന്നത്. പാമ്പിൻെറ വായിൽ അകപ്പെട്ട സ്ഥിതിയിലാണ് മനുഷ്യർ. "പന്നഗത്തിൻ വായിൽ പെട്ടോരു മണ്ഡൂകം  പിന്നെയും തന്നിര തേടും പോൽ, പിന്നിൽ ചിരിക്കും മരണത്തെ കാണാതെ പായുന്നു സൗഖ്യങ്ങൾ തേടി മർത്യൻ. മൃത്യുവാം പന്നഗവായിൽ കുടുങ്ങിയ മണ്ഡൂകമല്ലയോ നമ്മളെല്ലാം"  ഈ അവസ്ഥയിലും മനുഷ്യർ   സുഖഭോഗത്തിനുള്ള ആർത്തി

അവസാനിപ്പിക്കുന്നില്ല എന്ന് രാമായണവും ചൂണ്ടിക്കാണിക്കുന്നു. "ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ കാലഹീനാ പരിഗ്രസ്തമാം ലോകവുമാലോലചേതസാ ഭോഗങ്ങൾ തേടുന്നു". ലൗകികതയിൽ മുഴുകിയിരിക്കുന്നവർ മരണമേ വേണ്ട എന്നാണ് ചിന്തിക്കുന്നത്. ചാർവാകന്മാരെ പോലെ ജീവിതം ഒന്നേ ഉള്ളൂ രണ്ടാമതൊന്നില്ലെന്നും ഇഹത്തിലെ ലൗകികസുഖമാണ് പരമോന്നത സുഖമെന്നും അവർ വിശ്വസിക്കുന്നു. അതുകൊണ്ട് "മരണമേ വേണ്ട, വരേണ്ടയിനിയിപ്പോൾ മതിയായില്ലെനിക്കിഹത്തിൽ ജീവിതം മതിവരുമ്പോൾ ഞാനനുസ്മരിപ്പിക്കാം". എന്നാണ് അവരുടെ പക്ഷം. മരണത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന മൂഢന്മാർ. ഈ ലൗകിക സുഖവാഞ്ചയാണ് മനുഷ്യൻെറ ആദ്ധ്യാത്മികമായ പുരോഗതിയുടെ അധഃപതനാത്തിനു കാരണം. ലൗകിക സുഖം ശ്വാശ്വതമല്ല. തൻെറ ജരാനരകൾ നൽകി മകനിൽ നിന്ന് യൗവനം വാങ്ങി ലൗകികസുഖഭോഗങ്ങളിൽ ആയിരത്താണ്ടുകൾ മുഴുകി മടുത്ത യയാതിയുടെ കഥ നമ്മൾ ഇതിഹാസത്തിൽ വായിക്കുന്നു.

ജീവിതയാഥാർത്ഥ്യങ്ങളെപറ്റി കവിക്ക് വ്യക്തമായ ധാരണയുണ്ട്. മനുഷ്യരെ പ്രതീക്ഷയുടെ മായാലോകത്തിലേക്ക് ആനയിച്ചുകൊണ്ടു പോയി പ്രലോഭനത്തിൻ വലയിൽ കുരുക്കുന്നത് മനസ്സാണ്. ബുദ്ധി ഇടപെടുന്നതു വരെ മനസ്സ് നമ്മേ വലിച്ചിഴച്ചുകൊണ്ടിരിക്കും. "മനസ്സല്ലയോ സുഖ,ദുഃഖവും ജയങ്ങളും മനസ്സുനീറ്റും പരാജയവും തരുന്നതും ആശകളല്ലോ നമ്മേ ഭൂമിയിൽ നിലനിർത്തും ആശ്ചര്യജനകമാം മൃതസജ്ജീവനിയേ" എന്നു പറയുന്ന കവി "ആശകൾ കൂടിപ്പോയാൽ ഫലമോ നിരാശതാൻ" എന്ന് നമ്മേ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് മനസ്സിനെ നിയന്ത്രിച്ച് അന്തർമുഖമാക്കി "ആശിച്ചു ശീലിയ്ക്ക അർഹിക്കുന്നതു മാത്രം" എന്ന് ജീവിതം എന്ന കവിതയിൽ മുന്നറിയിപ്പു നൽകുന്നു. അമിതമായ ആശ നമ്മേ അധഃപതനത്തിലേക്ക് നയിക്കുമെന്ന് ശിലയും മൂർത്തിയും എന്ന കവിതയിൽ കവി കുറിച്ചിടുന്നു. ഒരു ശിലയെ സമീപിച്ച് ശിലയുടെ മഹത്വം മാനിച്ചുകൊണ്ട് ഒരു ശിൽപി "അവിടന്നനുമതി നൽകീടുകിൽ വൈകീടാതെ അടിയൻ ചേലൊത്തൊരു വിഗ്രഹമുരുവാക്കാം എന്ന് ശിലയോട് ചോദിച്ചപ്പോൾ ശില ഗർവ്വിഷ്ടനായി നൽകിയ മറുപടി "ആകണമെനിക്കതി ശ്രേഷ്ഠമാം മറ്റെന്തെങ്കിലും" എന്നായിരുന്നു. "ശിൽപി ഓർത്തു പോയൊരു ശിലക്കെന്തതിൽപരം നേടാൻ". ശിൽപി മറ്റൊരു ശിലയിൽ "രൂപസൗന്ദര്യംചിന്തും മൂർത്തിതൻ രൂപം തീർത്തു, പുകഴ്ത്തി കണ്ടോരെല്ലാം ശിലപസൗന്ദര്യം ദൂരെപ്പുക്കവർ പോലും വന്നു വാഴ്ത്തിനാർ വാനം മുട്ടെ, ഭക്തർക്കു നാളികേരമുടയ്ക്കാൻ ക്ഷേത്രമുമ്പിൽ മൂർത്തിതൻ ബിംബമാകാൻ സമ്മതം നിരസിച്ച മൂഢനാം ശില തന്നെ സ്ഥാപിച്ചു പൂജാരിമാർ". ഭക്തജനങ്ങളുടെ തേങ്ങയേറിൽ ശില തൻെറ മൂഢത്വംകൊണ്ട് അനുഭവിച്ചത് മാനസികവും ശാരീരികവുമായ പീഡനമാണ്. "കൈനീട്ടിപ്പിടിക്കുമാറെത്തിടും ഭാഗ്യം ഡംഭിൽ കൈവിട്ടാലതു പശ്ചാത്താപമായ് മാറാം പിന്നെ". അവസരങ്ങൾ നമ്മേ തേടി വരുമ്പോൾ തട്ടിത്തെറിപ്പിക്കരുത് എന്ന താത്വികമായസന്ദേശത്തോടെ കവിതയവസാനിക്കുന്നു. 'നിസഹായൻ' എന്ന കവിതയിൽ ഭക്തൻെറ യാചനക്കു മുമ്പിൽ നിസഹാനായി കൈ മലർത്തുന്ന ഭഗവാനെ കാണാം. ക്ഷേത്രഭണ്ഡാരത്തിൽ കോടിക്കണിക്കിന് പണം വന്നു വീഴുന്നുണ്ടെങ്കിലും അതൊക്കെ എങ്ങനെ ചിലവഴിക്കപ്പെടുന്നു എന്ന് ഭഗവാൻ അറിയുന്നില്ല. "ഉണ്ടിയിൽ വീഴും പണമെല്ലാമെൻ പണമേലും ഉത്മയിലൊന്നും ചെയ്വാൻ സ്വാതന്ത്ര്യമെനിക്കില്ല" എന്ന ദേവൻെറ പരിദേവനത്തിൻെറ തരംഗങ്ങൾ ഭക്തജനങ്ങളുടെ ഹൃദയത്തിൽ പതിക്കുമ്പോൾ ഉണ്ടിയിൽ വീഴുന്നത് നോട്ടുകെട്ടുകൾക്കു പകരം ശരണമന്ത്രങ്ങളെഴുതിയ കടലാസു തുണ്ടുകളാണെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. രാഷ്ട്രീയക്കാരും ക്ഷേത്ര നടത്തിപ്പുകാരും പണം പോക്കറ്റിലാക്കുന്നു എന്ന സൂചന നൽകുന്ന കവി ഇന്നത്തെ പല ക്ഷേത്ര വ്യവസ്ഥിതിയുടെ നേരെ വിരൽ ചൂണ്ടുകയാണ്.

കവികളേ കേൾക്കൂ എന്ന കവിതയിലൂടെ കവിത എങ്ങനെ ആയിരിക്കണമെന്ന് മറ്റു കവികൾക്ക് നിർദ്ദേശം നൽകാൻ ഇവിടെ കവി മറക്കുന്നില്ല. "കേവലം പദങ്ങൾ കോർത്തെന്തുതാൻ കോറീടിലും കവിതയാവില്ലെന്ന വാസ്തവം ധരിച്ചാലും. ബിംബങ്ങൾ പ്രതീകങ്ങൾ യോജ്യമാം ഉപമകൾ ബിംബിച്ചീടേണം കോറും കാവ്യത്തിലുടനീളം. അറിവുണ്ടെന്നുള്ളതു ലോകരെ ധരിപ്പിക്കാൻ വേണ്ടാ വാചകക്കസർത്തുകൾ, എഴുതൂ കവികളെ മാനവഹൃദയത്തെ തഴുകിയുണർത്തുന്ന സാന്ദ്രമാം കവിതകൾ, എഴുതൂ കവികളേ മാനവസമൂഹത്തെ മുഴുവൻ ചിന്തിപ്പിക്കും ഈടുറ്റ കവിതകൾ, സന്തതമതിൽ കാവ്യം തുളുമ്പിത്തുടിയ്ക്കണം, അന്തരംഗത്തിൽ തട്ടിയുണർത്താനുതകണം മുറ്റിനിൽക്കണമതിൽ തത്വവും സന്ദേശവും" എന്ന സങ്കൽപം തൻെറ കവിതകൾ സാരോപദേശങ്ങളല്ല, ചില തത്വശകലങ്ങൾ മാത്രം എന്ന് കവി മുഖവുരയിൽ കുറിച്ചിട്ടിരിക്കുന്നത് അന്വർത്ഥമാക്കുന്നു. മൗലികതയും ജീവിതത്തോടുള്ള താത്വികമായ സമീപനവും ശങ്കർകവിതകളിൽ പ്രതിഫലിക്കുന്നുണ്ട്. മനുഷ്യരുടെ നേട്ടങ്ങൾക്കെല്ലാം നിദാനം ഈശ്വരാനുഗ്രഹമാണെന്ന് അഹംഭാവികൾ മനസ്സിലാക്കുന്നെല്ലെങ്കിലും കവി അതറിയുന്നു. തൻെറ സൗഭാഗ്യങ്ങൾക്കെല്ലാം "ഹൃത്തിലമൂല്യമായ് സൂക്ഷിപ്പൂ ഞാൻ ജഗദീശന് ഹൃദ്യമാം നന്ദി മാത്രം" എന്ന് ജഗദീശ്വരനോട് നന്ദി പറഞ്ഞ് കവി ചാരിതാർത്ഥ്യനാകുന്നു. കവിക്ക് അഭിനന്ദനങ്ങൾ.